പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1973 — 14.08.2017 -ൽ മറുപടിക്ക്.

## മണ്ണെണ്ണ വിതരണം

| ചോദ്യം<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.പി.ടി. തോമസ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| **(എ)** സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ച സംസ്ഥാനത്ത് രണ്ട് ലക്ഷത്തി എഴുപത്തി ഏഴായിരത്തി ഇരുന്നൂറ്റി പത്ത് വീടുകളിൽ വൈദ്യുതി ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം നാല് ലിറ്റർ മണ്ണെണ്ണ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | **(എ)** വകുപ്പിലെ ജൂൺ 2017 ലെ സ്ഥിതിവിവര കണക്ക് പ്രകാരം 179860 (ഒരു ലക്ഷത്തി എഴുപത്തിയൊൻ പതിനായിരത്തി എണ്ണൂറ്റി അറുപത്) കുടുംബങ്ങളാണ് വൈദ്യുതീകരിക്കാത്തതായി നിലവിലുള്ളത്. അവർക്ക് പ്രതിമാസം കാർഡൊന്നിന് 4 ലിറ്റർ മണ്ണെണ്ണയാണ് വിതരണം നടത്തി വരുന്നത്. |
| **(ബി)** അനർഹർക്കും മത്സ്യബന്ധന ബോട്ടുകൾക്ക് തിരിമറി നടത്തിയും മണ്ണെണ്ണ നൽകി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 2017 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ കേന്ദ്ര സർക്കാർ നൽകുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ? | **(ബി)** 2017 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭ്യമായ മണ്ണെണ്ണയുടെ അളവിൽ കുറവ് വന്നിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം പരാമർശിക്കപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**